"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം -ചാലക്കുടി പോലീസ് സ്റ്റേഷനിലെ ക്രൈം 694/2022 അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-41-H-9656 Toyota Etios Car തൃശ്ശൂർ ജില്ലാ ഇലക്ഷൻ വിഭാഗത്തിലേയ്ക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.552/2025/TAXES തീയതി,തിരുവനന്തപുരം, 12-06-2025**

---

പരാമർശം:-
1. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, തൃശൂർ -ന്റെ 23.04.2025-ലെ ഇ.എൽ.2-2285/2025 -നമ്പർ കത്ത്
2. സ.ഉ.(കൈ)നം.22/2024/നികുതി തീയതി 23.05.2024.
3. എക്സൈസ് കമ്മീഷണറുടെ 29.05.2025-ലെ ഇ.എക്സ്.സി./1216/2025എക്സ്.ജി1ബി നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ ഇലക്ഷൻ വിഭാഗത്തിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനത്തിന്റെ കാലാവധി 06.05.2025-ന് അവസാനിച്ചിട്ടുണ്ടെന്നും, 2025, 2026 വർഷങ്ങളിൽ യഥാക്രമം പഞ്ചായത്ത്, നിയമസഭാ തിരഞ്ഞെടുപ്പുകൾ നടക്കുന്ന സാഹചര്യത്തിൽ ഇലക്ഷൻ വിഭാഗത്തിലേയ്ക്ക് വാഹനം അത്യാവശ്യമാണെന്നും, അബ്കാരി കേസിൽ ഉൾപ്പെട്ട് നിലവിൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ പിടിച്ചെടുത്തിട്ടുള്ള KL 41 H 9656 നമ്പർ Toyota Etios വാഹനം ജില്ലാ ഇലക്ഷൻ വിഭാഗത്തിലേയ്ക്ക് സൗജന്യമായി അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, തൃശൂർ അപേക്ഷിക്കുകയുണ്ടായി. നിയമപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയതും, അപ്പീലോ, കോടതി വ്യവഹാരങ്ങളോ ഒന്നുംതന്നെ അവശേഷിക്കാത്തതുമായ ചാലക്കുടി പോലീസ് സ്റ്റേഷനിലെ ക്രൈം 694/2022 അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-41-H-9656 Toyota Etios Car തൃശ്ശൂർ ജില്ലാ ഇലക്ഷൻ വിഭാഗത്തിലേയ്ക്ക് അനുവദിക്കുന്നതിനായി എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി പോലീസ് സ്റ്റേഷനിലെ ക്രൈം 694/2022 അബ്കാരി കേസിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KL-41-H-9656 Toyota Etios Car കേരള അബ്കാരി (ഡിസ്പോസൽ ഓഫ്

കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം തൃശ്ശൂർ ജില്ലാ ഇലക്ഷൻ വിഭാഗത്തിലേയ്ക്ക് ഔദ്യോഗികാവശ്യങ്ങൾക്കായി സൗജന്യമായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.
2.ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ& ജില്ലാ കളക്ടർ,തൃശ്ശൂർ.
3.അക്കൗണ്ടന്റ്ജനറൽ(എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ)
കേരളം,തിരുവനന്തപുരം.
4.ഇലക്ഷൻ (അക്കൗണ്ട്സ് )വകുപ്പ്.
5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6.കരുതൽ ഫയൽ /ഓഫീസ് കോപ്പി (F3/118/2025/TAXES)

ഉത്തരവിൻ പ്രകാരം
Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 12-06-2025 16:24:38